LIBRARY ARCHIVES Kerala Legislative Assembly

വില്ലേജ് ആഫീസുകളുടെ പ്രവർത്തനം

*24 [627] *ശ്രീ. കോവൂർ കുഞ്ഞുമോൻ :* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജാഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്;

(ബി) വില്ലേജാഫീസുകളിൽ നിന്ന് ലഭിക്കേണ്ടതായ സർട്ടിഫിക്കറ്റുകൾ അപേക്ഷ ലഭിച്ച് മൂന്ന് ദിവസത്തിനകം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):*

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ജാതി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിൽ 3 ദിവസത്തിനുള്ളിൽ നടപടി സ്വീകരിച്ച് സർട്ടിഫിക്കറ്റുകൾ നൽകണമെന്ന് 23-5-2002-ലെ 24298/റ്റി2/02/ ആർഡി സർക്കുലർ പ്രകാരം ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. മറ്റു സർട്ടിഫിക്കറ്റുകളുടെ കാര്യത്തിൽ ഒരാഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

"സിലബസ് പരിഷ്ക്കരണത്തിന് സ്ഥിരം സംവിധാനം"

*25 [628] *ശ്രീ. കെ. നാരായണക്കുറുപ്പ്:*
,, തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രവിഷയങ്ങളിൽ കാലാനുസൃതമായി സിലബസ് പരിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി പ്രത്യേക ഉപദേശക സമിതിയെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ പരിപാടിയുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) ശാസ്ത്രവിഷയങ്ങൾ ഉൾപ്പെടെ എല്ലാ വിഷയങ്ങളുടെയും സിലബസ് കാലാനുസൃതമായി പരിഷ്ക്കരിക്കാറുണ്ട്.

(ബി) & (സി) സംസ്ഥാന കരിക്കുലം കമ്മിറ്റിയും വിദ്യാഭ്യാസ നിയമത്തിൽ അനുശാസിക്കുന്ന State Education Advisory Board- ഉം നിലവിലുള്ള സാഹചര്യത്തിൽ ഈ ഉദ്ദേശം നിറവേറ്റപ്പെടുന്നതാണ്. ഈ സാഹചര്യത്തിൽ പ്രത്യേക ഉപദേശക സമിതിയുടെ ആവശ്യമില്ല.

GPM. 2/255/2012—8